പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1865

17-03-2015 - ൽ മറുപടിയ്ക്ക്

## രജിസ്റ്റർ ചെയ്ത മത്സ്യബന്ധന ബോട്ടുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**ശ്രീ. ജി. എസ്. ജയലാൽ**<br>**ശ്രീ. ചിറ്റയം ഗോപകുമാർ**<br>**ശ്രീ. മുല്ലക്കര രത്നാകരൻ** | | **ശ്രീ. കെ. ബാബു**<br>**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര മത്സ്യബന്ധന ബോട്ടുകളുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് 3992 മെക്കനൈസ്ഡ് ബോട്ടുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ബി) | രജിസ്ട്രേഷനും ലൈസൻസുമില്ലാത്ത അന്യസംസ്ഥാന ബോട്ടുകൾ കേരള തീരത്ത് മത്സ്യബന്ധനം നടത്താറുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സംസ്ഥാന ബോട്ടുകളാണ് കടന്നുകയറുന്നതെന്ന് വെളിപ്പെടുത്തുമോ; | ബി) | ഉണ്ട്. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലുള്ള ബോട്ടുകളാണ് കേരള തീരത്ത് പ്രധാനമായും മത്സ്യബന്ധനം നടത്തുന്നത്. |
| സി) | മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റിയുടെ സർട്ടിഫിക്കറ്റും, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് യൂസർഫീയും അടച്ചാൽ കേരള തീരത്ത് മത്സ്യബന്ധനത്തിനുള്ള അനുമതി നൽകാറുണ്ടോ; വ്യക്തമാക്കാമോ? | സി) | MPEDA രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് നിയമ സാധുത ഇല്ല. കേരള തീരത്ത് മത്സ്യ ബന്ധനം നടത്തുന്നതിന് MPEDA യുടെ സർട്ടിഫിക്കറ്റും ക്ഷേമനിധി വിഹിതവും അടച്ചാൽ മതിയാകില്ല. സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ രജിസ്ട്രേഷനും ലൈസൻസും നിർബന്ധമായും എടുത്തിരിക്കണം. |

**സെക്ഷൻ ഓഫീസർ**